HON'BLE MR. A. J. JHON : At present no.

MR. P. S. NATARAJA PILLAI : Is it not exclusively a central subject?

HON'BLE MR. A. J. JOHN : It is an acceded subject?

MR. EAPEN ARAKKAL : കൊട്ടാരക്കര–ആലുവാ ലൈൻ തുടങ്ങണമെന്ന് ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ?

HON'BLE MR. A. J. JOHN : അതേ സംബന്ധിച്ച് ഇൻഡ്യാഗവണ്മെൻറിലേക്ക് മെമ്മോറാണ്ടം അയച്ചിട്ടുണ്ട്.

ഇലന്തൂർ വില്ലേജ് യൂണിയൻ പ്രസിഡൻറ്.

*294. MR. P. C. GEORGE (*Pathanamthittai I—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രാദേശികസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ഇലന്തൂർ, വില്ലേജ് യൂണിയൻ ഒരു പുതിയ പ്രസിഡൻറിനെ തെരഞ്ഞെടുക്കണമെന്ന് ഗവണ്മെൻറ് നിർദ്ദേശിച്ചതിൽ പഴയ പ്രസിഡൻറ് ശരിയായ നടപടിക്രമം നടത്തിയില്ലെന്നും തെരഞ്ഞെടുപ്പ് നടത്തിയിട്ടില്ലെന്നും പരാതി കിട്ടിയിട്ടുണ്ടോ?

(ബി) കിട്ടിയിട്ടുണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

HON'BLE MR. N. KUNJURAMAN : (എ) പുതിയ പ്രസിഡൻറിനെ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച് ഇലന്തൂർ വില്ലേജ് യൂണിയനു ഗവണ്മെൻറിൽനിന്നും യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല. അതു സംബന്ധിച്ച് പരാതി കിട്ടിയിട്ടുമില്ല.

(ബി) എ–യ്ക്കുള്ള ഉത്തരം അനുസരിച്ച് ഈ ചോദ്യത്തിനു പ്രസക്തിയില്ല.

Conversion of paddy into Rice.

*295. MR. K. S. JOSEPH (*Thiruvella VI—General*) : Will the Hon'ble Minister for Food be pleased to state:

whether Government are aware that in Cochin the paddy procured from the State is converted into rice before being rationed out?

HON'BLE MR. V. O. MARKOS : Government are aware that the major portion of the paddy procured in Cochin State is converted into rice before being rationed out.

MR. K. S. JOSEPH : ഇവിടേയും ആ നിലയിൽ ചെയ്യുവാൻ വല്ല തടസ്സവും ഉണ്ടോ?

HON'BLE MR. V. O. MARKOS : ഇവിടേയും അങ്ങനെ ചെയ്യുന്നതിന് ഒരു സ്കീം ആലോചനയിൽ ഇരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly